പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1823 — 17.06.2013 ൽ മറുപടിക്ക്

## ഇരുചക്രവാഹനയാത്രയ്ക്കിടെ സ്ത്രീകൾക്കുനേരെയുള്ള കവർച്ച

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളും പെൺകുട്ടികളും ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്ന അവസരത്തിൽ, ബൈക്കിൽ വന്ന് മാല കവർച്ച നടത്തിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | (എ) | 77 കേസ്സുകൾ. |
| (ബി) സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള പ്രസ്തുത അതിക്രമത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(സി) ഇത്തരം കേസ്സുകളിൽ കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) യും (സി) യും | ട്രാഫിക് പോലീസിന്റെയും കൺട്രോൾ റൂമുകളുടെയും സെക്യൂരിറ്റി ക്യാമറകളുടെയും സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തി ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുകയും അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിന് പൊതുജനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി അവർക്ക് റിവാർഡുകൾ നൽകുന്നതിനായി 30.05.2011 ലെ സർക്കുലർ നം.14/11 പ്രകാരം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ